വീട്ടുവളപ്പുകളിൽ കോഴിവളർത്തൽ പദ്ധതിപ്രകാരം വിതരണം ചെയ്യുന്ന കോഴിക്കുഞ്ഞുങ്ങൾക്കും വാർഷിക വിറ്റുവരവ് 10 ലക്ഷം രൂപയ്ക്കുമീതെയാണെങ്കിൽ 12.5% നികുതിക്ക് വിധേയമാകുന്നതാണ്. ഇപ്രകാരം വിതരണം ചെയ്യുന്ന കോഴിക്കുഞ്ഞുങ്ങൾ രജിസ്റ്റർ ചെയ്ത വ്യാപാരികൾ വാങ്ങി വിൽക്കുമ്പോൾ വിൽപ്പന നികുതിക്ക് വിധേയമാകുന്നില്ലായെങ്കിൽ വാങ്ങൽ വിലയിന്മേൽ 12.5% നികുതി അടയ്ക്കേണ്ടതും തുടർ വിൽപ്പനയിന്മേൽ വാങ്ങൽ ഘട്ടത്തിൽ അടച്ച നികുതിക്ക് കിഴിവ് എടുക്കാവുന്നതുമാണ്. കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള വീട്ടുവളപ്പുകളിൽ കോഴിവളർത്തൽ പദ്ധതിപ്രകാരം വിതരണം ചെയ്യുന്ന കോഴിക്കുഞ്ഞുങ്ങൾക്ക് വാറ്റ് നികുതി ഈടാക്കുന്നുണ്ടോയെന്ന വിവരം ശേഖരിച്ചുവരുന്നു.

(ബി) 1-4-2005 മുതലാണ് വാറ്റ് നികുതി ഏർപ്പെടുത്തിയത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) മൂല്യവർദ്ധിത നികുതി നിയമപ്രകാരം നികുതിയിളവുകളോ നികുതിയൊഴിവോ നൽകാൻ വ്യവസ്ഥയില്ല.

എ.ഡി.ബി. വായ്പ ഉപയോഗിച്ച് നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ

33 [3286] *ശ്രീ. കെ. രാധാകൃഷ്ണൻ:*

„ *മത്തായി ചാക്കോ:*

„ *പി. ജയരാജൻ:*

„ *ടി. കെ. ദേവകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഡി.ബി., ഡച്ച് ഗവൺമെന്റ് എന്നിവിടങ്ങളിൽനിന്ന് കേന്ദ്ര ഗവൺമെന്റിനു ലഭിച്ച വായ്പയിൽ എന്തു തുക വായ്പയായി സംസ്ഥാനത്തിനുലഭിച്ചു;

(ബി) പ്രസ്തുത തുക ഏതൊക്കെ കാര്യങ്ങൾക്കായി ചെലവഴിച്ചു; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇനി അവശേഷിക്കുന്ന തുക ഏതൊക്കെ കാര്യങ്ങൾക്കുവേണ്ടിയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) എ.ഡി.ബി.യിൽനിന്നും ലഭിച്ച വായ്പക്ക് എത്ര ശതമാനം പലിശയാണ് നൽകേണ്ടത്;

(ഇ) എ.ഡി.ബി. വായ്പ തുക ഉപയോഗിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഏതൊക്കെ സ്കീമുകൾക്കാണ് ഇതിനകം രൂപംനൽകിയിട്ടുള്ളതെന്നു വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എ.ഡി.ബി., ഡച്ച് ഗവൺമെന്റ് എന്നിവിടങ്ങളിൽനിന്നും സാമ്പത്തിക പരിഷ്കരണത്തിനും ഭരണനവീകരണത്തിനുമായി 225 മില്യൺ ഡോളർ (1036.50 കോടി രൂപ) കേന്ദ്ര സർക്കാർവഴി അധികസഹായമായി ലഭിച്ചിട്ടുണ്ട്. ഇത് 70% വായ്പയായും 30% ഗ്രാന്റുമായിട്ടാണ് ലഭിച്ചത്.

(ബി) കേന്ദ്രസർക്കാർവഴി ലഭിച്ച തുക സംസ്ഥാന വിഹിതം ഉൾപ്പെടെ താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി ചെലവഴിച്ചു. സംസ്ഥാന വൈദ്യുതി ബോർഡിന്റെ റവന്യുകമ്മി നികത്താനായി 756 കോടി രൂപ വിനിയോഗിച്ചു. 300 കോടി രൂപ ടി.പി. അക്കൗണ്ട് നിർത്തലാക്കിയതുപ്രകാരമുള്ള അഡ്ജസ്റ്റ്മെന്റ് നടത്തി. 130 കോടി രൂപ അസറ്റ് റിന്യൂവൽഫണ്ട് രൂപീകരിക്കുന്നതിന് വിനിയോഗിച്ചു. 209 കോടി രൂപ പൊതുമേഖലാസ്ഥാപനങ്ങളുടെ പുനഃസംഘടനയ്ക്കായി വിനിയോഗിച്ചു. 217.28 കോടി രൂപ ഭരണനവീകരണ പ്രവർത്തനങ്ങൾക്കായി വിവിധ വകുപ്പുകൾക്ക് അനുവദിച്ചു. ഇതെല്ലാം താൽക്കാലിക കണക്കുകളാണ്. അക്കൗണ്ടന്റ് ജനറലിന്റെ ഫിനാൻസ് അക്കൗണ്ട്സ് ലഭിച്ചാലേ അന്തിമകണക്ക് തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളു.

(സി) ബാക്കി തുക അവശേഷിക്കുന്നില്ല.

(ഡി) എ.ഡി.ബി.യിൽനിന്നും കേന്ദ്ര സർക്കാർവഴി ലഭിച്ച വായ്പയും അതിന്റെ പലിശയും കേന്ദ്ര സർക്കാരിന് കേരളം തിരിച്ചടയ്ക്കണം. 9.5% പലിശ പ്രകാരമാണ് തിരിച്ചടയ്ക്കേണ്ടത്.

(ഇ) വൈദ്യുതി ബോർഡിന്റെ റവന്യുകമ്മി നികത്തൽ, അസറ്റ് റിന്യൂവൽ ഫണ്ട്, പൊതുമേഖലാസ്ഥാപനങ്ങളുടെ പുനഃസംഘടന, വിവിധ വകുപ്പുകളിലെ ഭരണനവീകരണ പ്രവർത്തനങ്ങൾ എന്നിവയാണ് എ.ഡി.ബി. വായ്പ ഉപയോഗിച്ച് നടപ്പിലാക്കിവരുന്നത്.

ഹോട്ടലുകൾ അനുവദിക്കുന്നതിന് കേന്ദ്രഗവൺമെന്റിൽനിന്നുള്ള നിർദ്ദേശങ്ങൾ

34 [3287] *ശ്രീ. ജോർജ് ജെ. മാത്യു:*
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. കെ. സുധാകരൻ:
„ *വർക്കല കഹാർ:*
„ *കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർസഹിതമുള്ള ഹെറിറ്റേജ് ഹോട്ടലുകളും ത്രീസ്റ്റാർ ഹോട്ടലുകളും അനുവദിക്കുന്നതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽനിന്നും എന്തെങ്കിലും നിബന്ധനയോ നിർദ്ദേശമോ പുറപ്പെടുവിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly